"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കൊടുന്തിരപ്പുള്ളി എസ്സ്.എൻ.യു.പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.രേണുക.കെ.യും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത WP(C)809/2020-ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 03.12.2021-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4917/2022/GEDN തീയതി,തിരുവനന്തപുരം, 17-08-2022

---

പരാമർശം:-

1. പാലക്കാട് കൊടുന്തിരപ്പുള്ളി എസ്സ്.എൻ.യു.പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.രേണുക.കെ.യും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത തീയതി രേഖപ്പെടുത്താത്ത പുന:പരിശോധനാ ഹർജി.
2. ബഹു. കേരള ഹൈക്കോടതിയുടെ WP(C)നം.809/2020-ന്മേലുള്ള 03.12.2021-ലെ വിധിന്യായം.
3. പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07/03/2022-ലെ എഫ്/167/2020 നമ്പർ കത്ത്.
4. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 02/04/2022-ലെ ബി4/7195/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് കൊടുന്തിരപ്പുള്ളി എസ്.എൻ. യു.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.രേണുക.കെ.യും മറ്റുള്ളവരും ചേർന്ന് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)809/2020-ന്മേൽ പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ Ext.P1,P2,P3,P5,P6 നിയമനാംഗീകാര ഉത്തരവുകൾ റദ്ദാക്കുകയും, ഹർജിക്കാർ സമർപ്പിച്ച പുന:പരിശോധനാ ഹർജി (പരാമർശം 1) V.S.Suma Devi and others കേസിലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ വീണ്ടും പരിഗണിച്ച് ഹർജിക്കാരെയും 5-ാം എതിർ കക്ഷിയായ സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് 1 -ാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം

20/06/2022-ന് ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ കേട്ടു.

2. **റിവിഷൻ ഹർജിക്കാരുടെ വാദങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.**

"റിവിഷൻ ഹർജിക്കാരെ എസ്സ്എൻ യുപി സ്കൂൾ, കൊടുന്തിരപ്പുള്ളിയിൽ അദ്ധ്യപക തസ്തികയിൽ Additional division vacancy യിൽ നിയമിക്കുകയും, ഹർജിക്കാരുടെ നിയമനത്തീയതി കണക്കിലെടുക്കാതെ 01.06.2011 മുതൽ മാത്രമാണ് ഹർജിക്കാർക്ക് നിയമനാംഗീകാരം നൽകിയിരിക്കുന്നത്. ഹർജിക്കാരുടെ നിയമനത്തീയതി മുതൽ 01.06.2011 വരെയുള്ള സേവനകാലഘട്ടത്തിന് അംഗീകാരവും ശമ്പളവും മറ്റ് സേവനാനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ടിയാണ് റിവിഷൻ ഹർജി സമർപ്പിച്ചത്. ഹർജിക്കാർ നിയമിക്കപ്പെട്ട കാലഘട്ടത്തിൽ GO(P)No.317/05/Fin dated 17/08/2005 പ്രകാരം Additional division vacancy യിൽ നിയമന നിരോധനം നിലനിന്നിരുന്നു എന്ന കാരണത്താലാണ് ഹർജിക്കാരുടെ നിയമനം നിരസിക്കപ്പെട്ടത്.

മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം നിരസിക്കപ്പെട്ട നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനു വേണ്ട വ്യവസ്ഥകൾ 12/10/2010 ലെ G.O(P)10/10/GEdn ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. നിയമന നിരോധനം നിലനിന്നിരുന്ന കാലഘട്ടത്തിൽ Additional division vacancy യിലേക്ക് നടത്തിയ നിയമനങ്ങൾക്ക് തത്തുല്യമായി സംരക്ഷിതാദ്ധ്യപകരെ നിയമിക്കണം എന്ന് G.O(P) 10/10 ൽ പറഞ്ഞിരിക്കുന്നു.

അത്തരം സംരക്ഷിത അദ്ധ്യപകർക്കുവേണ്ടി G.O.(P)No.199/2011/GEdn dated 01/10/2011 പ്രകാരം Teachers Bank നിലവിൽ വന്നിട്ടുണ്ട്. G.O.(P)No.10/10 പ്രകാരം Additional division vacancy യിൽ നടത്തിയ നിയമനങ്ങൾക്ക് തത്തുല്യമായി സംരക്ഷിതാദ്ധ്യപകരെ നിയമിച്ചു കൊള്ളാം എന്ന് ഉറപ്പ് നൽകിക്കൊണ്ട് മാനേജർ ബോണ്ട് സമർപ്പിക്കുന്ന മുറയ്ക്ക് നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതാണ്.എന്നാൽ G.O.(P)No.10/10-ലെ മേൽപ്പറഞ്ഞ വ്യവസ്ഥയ്ക്കെതിരായി സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ട്.സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ കക്ഷി ചേർന്നിട്ടുള്ള മാനേജ്മെന്റ് സ്കൂളുകളിലെ Additional division vacancy-കൾ ഇക്കാരണം പറഞ്ഞ് നിരസിക്കുന്ന പ്രവണതയുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് ബഹു. കേരള ഹൈക്കോടതി, മാനേജർ ബോണ്ട് സമർപ്പിക്കാത്ത കേസുകളിൽ, മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കികൊണ്ട് (Deeming provision) Additional division vacancy-കൾ അംഗീകരിക്കണമെന്നും, 1:1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യപകരെ നിയമിക്കണമെന്ന

വ്യവസ്ഥ നിർബന്ധപൂർവ്വം നടപ്പിലാക്കണമെന്ന് നിഷ്കർഷിക്കുകയും, ഹർജിക്കാർ സമർപ്പിച്ച WP(c)No.809/2020-ന്റെ വിധിന്യായത്തിൽ മാനേജർ ബോണ്ട് (Bond) സമർപ്പിച്ചതായി കണക്കാക്കി (Deeming provision) റിവിഷൻ ഹർജിക്കാരുടെ നിയമനത്തീയതി മുതൽ നിയമനാനുകൂല്യങ്ങളും നൽകണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി വിധിന്യായത്തിന്റെ പ്രസക്ത ഭാഗങ്ങൾ താഴെ പറയുന്നു.

Page 6 Paragraph 5 sub paragraph (b): while considering the petition, the Secretary to Government shall consider whether G.O (P) No.10/10/GEdn dated 12/01/2010 would apply and if it applies, the 1st respondent shall be free to reckon that the managers would be deemed to have executed the bond and also that they would be obliged to make appointments from the list of protected teachers equal to the number of appointments approved during the ban period. The fact that the petition challenging G.O(P)10/10 filed by the Managers is pending consideration of the Hon'ble Supreme court shall not be taken as a ground to deny the benefits to the petitioners. It is made clear that the orders passed by the 1st Respondent shall be subject to the decision of the Hon'ble Supreme Court in the pending petitions"

ആയതിനുപുറമേ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ W.P(C) 809/2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി ഹർജിക്കാരുടെ നിയമനത്തീയതി മുതൽ തന്നെ നിയമനാംഗീകാരം നൽകിക്കൊണ്ട് ഉത്തരവാകണമെന്നുമാണ് ഹർജിക്കാരുടെ വാദം."

3. **വിദ്യാഭ്യാസ ഓഫീസർമാർ താഴെപ്പറയുന്ന വസ്തുതകൾ ബോധിപ്പിച്ചു.**

"പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള കൊടുന്തിരപ്പുള്ളി എസ്.എൻ.യു.പി.എസ്.ലെ അപ്പർ പ്രൈമറി ടീച്ചർ ശ്രീമതി.ഷെമിറ എം.നെ 23/06/2008 മുതലും, ലോവർ പ്രൈമറി സ്കൂൾ ടീച്ചർമാരായ ശ്രീമതി.രേണുകയെ 12/11/2007 മുതലും, ശ്രീമതി.ഷെറഫുനിസ ടി.എം.നെ 15/07/2006 മുതലും, ശ്രീമതി.സുജ.ആർ.നെ 01/06/2009 മുതലും, ശ്രീമതി.മുംതാസ് ബീഗത്തിനെ 01/06/2010 മുതലും കൊടുന്തിരപ്പുള്ളി എസ്.എൻ.യു.പി.എസ്. മാനേജർ നിയമിച്ചിരുന്നു. ടി അദ്ധ്യാപകരുടെ നിയമന കാലയളവിൽ സ.ഉ(പി)നമ്പർ 317/2005/പൊ.വി.വ തീയതി 17/08/2005 പ്രകാരം അധിക തസ്തികയും ഡിവിഷനുകളും

അനുവദിക്കുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ടി നിയമനങ്ങൾ നിരസിച്ച് ഉത്തരവാക്കിയിരുന്നു.

മേൽ പറഞ്ഞ അദ്ധ്യാപകരുടെ നിയമനം സ.ഉ.(പി) നമ്പർ 199/2011/പൊ.വി.വ തീയതി 01/06/2011 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01/06/2011 മുതൽ അംഗീകരിച്ചു നൽകിയിട്ടുള്ളതാണെന്നും, അതു കൂടാതെ 2006-2007 മുതൽ 28/01/2016 വരെയുള്ള അധിക തസ്തികകളിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച 100/ജെ2/2017/പൊ.വി.വ സർക്കുലറും, അതിന് സ്പഷ്ടീകരണം നൽകിയിരുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31/08/2019-ലെ സ.ഉ.(കൈ) നമ്പർ.135/2019/പൊ.വി.വ റദ്ദാക്കിയിരിക്കുകയാണ്. സ.ഉ(പി) 10/2010/പൊ.വി.വ ഉത്തരവിനെതിരെ ചില എയ്ഡഡ് സ്കൂൾ മാനേജർമാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസ് ഇപ്പോഴും കോടതിയുടെ പരിഗണനയിലായതിനാൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിക്ക് അനുസൃതമായി മാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളു എന്നും, ആയതിനാൽ വിധി വന്നശേഷം മാത്രമേ മേല്പറഞ്ഞ അദ്ധ്യാപകരുടെ നിയമന തീയതി മുതലുള്ള നിയമനം അംഗീകരിച്ച് നൽകുവാൻ നിർവാഹമുള്ളു എന്നുമാണ് വസ്തുത."

4.സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ,വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നിയമനനിരോധനം നിലനിന്നിരുന്ന കാലയളവിലാണ് പ്രസ്തുത നിയമനങ്ങളെല്ലാം നടത്തിയിരിക്കുന്നത്. ടി കാലയളവിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനു വേണ്ട വ്യവസ്ഥകൾ G.O(P)10/10/GEdn dated 12/10/2010-ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം നിയമന നിരോധനം നിലനിന്നിരുന്ന കാലഘട്ടത്തിൽ Additional division vacancy യിലേക്ക് നടത്തിയ നിയമനങ്ങൾക്ക് തത്തുല്യമായി സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചാൽ മാത്രമേ അത്തരം നിയമനങ്ങൾക്ക് അംഗീകാരം നൽകേണ്ടതുള്ളൂ. തുടർന്ന് മാനേജർമാർ സംരക്ഷിതാദ്ധ്യപകരെ പിന്നീട് നിയമിച്ചുകൊള്ളാമെന്ന് ബോണ്ട് വച്ചിട്ടുള്ള കേസുകളിൽ നിയമിതരായവർക്ക് അംഗീകാരം നൽകുവാൻ തീരുമാനിച്ചു. ബോണ്ട് സമർപ്പിക്കാത്ത മാനേജർമാർ ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിൽ സ്റ്റേ ഉത്തരവ് നേടിയിട്ടുണ്ട്. WA 2111/2015 ലെ വിധിയിൽ മാനേജർമാർ ബോണ്ട് സമർപ്പിച്ചിട്ടില്ലെങ്കിലും ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി (deeming provision) നിയമിതരായവർക്ക് നിയമനത്തീയതി മുതൽ അംഗീകാരം നൽകാനും, ഭാവിയിൽ മാനേജർ

തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതാണെന്നും ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവായിരുന്നു. സമാന കേസുകളിൽ അതിന്റെ അടിസ്ഥാനത്തിൽ മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി അംഗീകാരവും നൽകിയിട്ടുണ്ട്. ഈ കേസിലും മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച റിട്ട് അപ്പീലിലെ വിധിയുടെ അടിസ്ഥാനത്തിൽ ഈ കേസ് പരിഗണിക്കുവാനാണ് കോടതി നിർദ്ദേശം. അതായത് മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി ഭാവിയിലുണ്ടാകുന്ന ഒഴിവുകളിൽ തത്തുല്യ എണ്ണം സംരക്ഷിതാധ്യാപകരെ, സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ വിധിക്കനുസൃതമായി നിയമിക്കുകയും വേണം എന്ന വ്യവസ്ഥയിൽ ഹർജിക്കാർക്ക് നിയമനാംഗീകാരം നൽകുന്ന കാര്യം പരിശോധിക്കുവാനാണ് കോടതി നിർദ്ദേശം.

5. മേൽ സാഹചര്യത്തിൽ പാലക്കാട് കൊടുന്തിരപ്പുള്ളി എസ്.എൻ. യു.പി. സ്കൂളിലെ മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി ഭാവിയിലുണ്ടാകുന്ന ഒഴിവുകളിൽ തത്തുല്യ എണ്ണം സംരക്ഷിതാധ്യാപകരെ സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ വിധിക്കനുസൃതമായി നിയമിക്കണം എന്ന വ്യവസ്ഥയിൽ, ഹർജിക്കാരുടെ നിയമനങ്ങൾ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അവരുടെ നിയമന തീയതി മുതൽ അംഗീകരിക്കുന്നതിന് പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ഹർജിക്കാർ സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുന:പരിശോധനാ ഹർജി തീർപ്പാക്കി, അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് .
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് .
പ്രഥമാദ്ധ്യാപകൻ, എസ്.എൻ. യു.പി സ്കൂൾ, കൊടുന്തിരപ്പുള്ളി, പാലക്കാട്.
ശ്രീമതി. രേണുക കെ., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ, എസ്. എൻ. യു. പി. സ്കൂൾ, കൊടുന്തിരപ്പുള്ളി, പാലക്കാട്.
ശ്രീമതി. ഷമീറ എം., അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ, എസ്. എൻ. യു. പി. സ്കൂൾ, കൊടുന്തിരപ്പുള്ളി, പാലക്കാട്.
ശ്രീമതി. ഷറഫുന്നീസ റ്റി.എം., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,

എസ്. എൻ. യു. പി. സ്കൂൾ, കൊട്ടുന്തിരപ്പുള്ളി, പാലക്കാട്.

ശ്രീമതി. സുജ ആർ., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,

എസ്. എൻ. യു. പി. സ്കൂൾ, കൊട്ടുന്തിരപ്പുള്ളി, പാലക്കാട്.

ശ്രീമതി. മുംതാസ് ബീഗം ആർ., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,

എസ്. എൻ. യു. പി. സ്കൂൾ, കൊട്ടുന്തിരപ്പുള്ളി, പാലക്കാട്.

മാനേജർ, എസ്. എൻ. യു. പി. സ്കൂൾ, കൊട്ടുന്തിരപ്പുള്ളി, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),

തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**

**Date: 19-08-2022 13:01:04**

സെക്ഷൻ ഓഫീസർ